**Kerala State Chalachitra Academy**
Centre for International Film Research & Archives (CIFRA)
Sathyan Memorial Building, Kinfra Film & Video Park
Sainik School P.O, Kazhakuttom, Thiruvananthapuram
Kerala, India Pincode: 695 585 Tel: +91 471 2754422
email: office@chalachitraacademy.org
website: www.keralafilm.com

cifra CENTRE FOR INTERNATIONAL FILM RESEARCH & ARCHIVES

കെ.എസ്.സി.എ/ജി/29/2025 തീയതി: 10.02.2025

<u>പത്രക്കുറിപ്പ്</u>

## 2024-ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് : ഫെബ്രുവരി 25 വരെ അപേക്ഷിക്കാം

മലയാള ചലച്ചിത്രങ്ങൾക്കുള്ള 2024-ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡിന് 2025 ഫെബ്രുവരി 25 വരെ അപേക്ഷിക്കാം. 2024 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ സെൻസർ ചെയ്ത കഥാചിത്രങ്ങൾ, കുട്ടികൾക്കുള്ള ചിത്രങ്ങൾ, 2024-ൽ പ്രസാധനം ചെയ്ത ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങൾ, ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ചലച്ചിത്ര സംബന്ധിയായ ലേഖനങ്ങൾ എന്നിവയാണ് അവാർഡിന് പരിഗണിക്കുക. കഥാചിത്രങ്ങൾ ഓപ്പൺ ഡി.സി.പി. (അൺഎൻക്രിപ്റ്റഡ്)/ബ്ലൂ-റേ ആയി സമർപ്പിക്കേണ്ടതാണ്. അക്കാദമി വെബ് സൈറ്റായ <u>**www.keralafilm.com**</u> ൽ നിന്നും അപേക്ഷാ ഫോറവും നിയമാവലിയും ഡൗൺലോഡ് ചെയ്യാവുന്നതാണ്. തപാലിൽ ലഭിക്കുവാൻ 25/- രൂപ സ്റ്റാമ്പ് പതിച്ച് മേൽവിലാസമെഴുതിയ കവർ സഹിതം സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, സത്യൻ സ്മാരകം, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, സൈനിക് സ്കൂൾ.പി.ഒ., കഴക്കൂട്ടം, തിരുവനന്തപുരം-695 585 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്കൂളിനുസമീപമുള്ള സ്റ്റാച്ച്യു റോഡിലെ അർച്ചന ബിൽഡിംഗിൽ പ്രവർത്തിക്കുന്ന അക്കാദമിയുടെ സിറ്റി ഓഫീസിൽ നിന്ന് നേരിട്ടും അപേക്ഷാഫോറം ലഭിക്കുന്നതാണ്.

**അപേക്ഷകൾ 2025 ഫെബ്രുവരി 25, വൈകുന്നേരം 5 മണിക്ക് മുൻപായി അക്കാദമി ഓഫീസിൽ ലഭിച്ചിരിക്കണം.**

**സി.അജോയ്**
സെക്രട്ടറി